LIBRARY ARCHIVES Kerala Legislative Assembly

അങ്കമാലി എക്സൈസ് ഓഫീസ്

155 (1981) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ മിനിസിവിൽ സ്റ്റേഷനിലേക്ക് മാറ്റുമ്പോൾ ഒഴിവായി കിട്ടുന്ന സ്ഥലത്ത് നിർമ്മിക്കാവുന്ന പുതിയ കെട്ടിടത്തിലേക്ക് അങ്കമാലി എക്സൈസ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷകളിൻ മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ;

(ബി) മിനി സിവിൽ സ്റ്റേഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി എക്സൈസ് ഓഫീസിന്റെ പ്രവർത്തനം താല്കാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 25-11-2011-ലെ റവന്യൂ വകുപ്പിന്റെ ജി.ഒ. (എംഎസ്.) നമ്പർ 431/2011/റവന്യൂ ഉത്തരവുപ്രകാരം നിലവിൽ എക്സൈസ് ഓഫീസ് പ്രവർത്തിക്കുന്ന അങ്കമാലി വില്ലേജിൽ, ബ്ലോക്ക് നമ്പർ 11-ൽ സർവ്വേ നമ്പർ 581/3-ൽ 13.40 ആർ സ്ഥലം എക്സൈസ് വകുപ്പിന്റെ പേരിൽ തനതായി കൈമാറ്റം ചെയ്ത് കിട്ടിയിട്ടുണ്ട്. ടി സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 162 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) അങ്കമാലി എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്ത് നിലനിർത്തുന്നതുമൂലം സിവിൽ സ്റ്റേഷന്റെ പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കുമെന്ന് കരുതുന്നില്ല.

വ്യാജമദ്യ നിർമ്മാണം

156 (1982) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാറുകൾ നിർത്തലാക്കിയതിനെത്തുടർന്ന് വ്യാജമദ്യ നിർമ്മാണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?